# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/162/2017    <u>പത്രക്കുറിപ്പ്</u>    2017 ആഗസ്റ്റ് 03

**എം. എസ്. ഡബ്ല്യൂ/എം. ടെക് പ്രവേശനപ്പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളേജികളലലെ എം. എസ്. ഡബ്ല്യൂ പ്രോഗ്രാമിലേക്കും സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ പോളിമർ ടെക്നോളജി ആന്റ് പോളിമർ സയൻസ് എം. ടെക് പ്രോഗ്രാമിലേക്കുമുള്ള പ്രവേശനപരീക്ഷകൾ ആഗസ്റ്റ് 5 ന് രാവിലെ 11 മണിക്ക് കോട്ടയം സി. എം. എസ് കോളേജിൽ വച്ച് നടത്തും. അപേക്ഷകരുടെ പേരും രജിസ്റ്റർ നമ്പരുമടങ്ങുന്ന നോമിനൽ റോളുകളും അഡ്മിറ്റ് കാർഡിന്റെ മാതൃകയും www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ വെബ്സൈറ്റിൽ നിന്ന് അഡ്മിറ്റ് കാർഡിന്റെ മാതൃകയുടെ പ്രിന്റെടുത്ത് ഫോട്ടോ പതിച്ച് ഏതെങ്കിലും തിരിച്ചറിയൽ കാർഡുമായി പ്രവേശനപ്പരീക്ഷയ്ക്ക് ഹാജരാകണം. അഡ്മിറ്റ് കാർഡ് തപാലിൽ അയക്കുന്നതല്ല. അപേക്ഷയോടൊപ്പം യോഗ്യതാപരീക്ഷയുടെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ലാത്തവർ, പ്രവേശനപ്പരീക്ഷയക്ക് വരുമ്പോൾ അത് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 0481 6555562.

**പ്രാക്ടിക്കൽ പരീക്ഷ**

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്‌സി. ഫിസിക്സ് (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 10 മുതൽ അതാത് കോളേജുകളിൽ നടത്തും. എറണാകുളം സെന്റ് തെരേസാസ് കോളേജിലും, മഹാരാജാസ് കോളേജിലും രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾ കളമശ്ശേരി സെന്റ് പോൾസ് കോളേജിലും, കോതമംഗലം എം. എ കോളേജിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ & ടെലിവിഷൻ, മൾട്ടിമീഡിയ (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. ബി. എ, ബി. ബി. എം, ബി. സി. എ, ബി. റ്റി. എസ്, ബി. എസ്. ഡബ്ല്യൂ (സി. ബി. സി. എസ്. എസ് - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. എ മോഡൽ ഒന്ന്, രണ്ട്, മൂന്ന് (സി. ബി. സി. എസ്. എസ് - 2009 മുതൽ 2012 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

**കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ 2017-18 അദ്ധ്യയനവർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (ആഗസ്റ്റ് 4) അതാത് കോളേജുകളിൽ പ്രസിദ്ധീകരിക്കുകയും, വേട്ടെടുപ്പും വോട്ടെണ്ണലും ആഗസ്റ്റ് 18 ന് നടത്തുകയും ചെയ്യും. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് എല്ലാ പ്രിൻസിപ്പൽമാർക്കും ഇ-മെയിലായി അയച്ചിട്ടുണ്ട്. വിശദവിവരങ്ങളും അറിയിപ്പുകളും www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. ബന്ധപ്പെട്ട അധികാരികൾ ഇത് ഡൗൺലോഡ് ചെയ്ത് നിർദ്ദേശാനുസരണം കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇതു സംബന്ധിച്ച് നേരിട്ട് അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

**അക്കാദമിക് കൗൺസിൽ യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അക്കാദമിക് കൗൺസിലിന്റെ യോഗം ആഗസ്റ്റ് 14 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും.

പത്രസമ്മേളനം :

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ജൈവസാക്ഷരതാ യജ്ഞം – ജൈവം 2017 – ആഗസ്റ്റ് 29 മുതൽ**

കോട്ടയം ജില്ലയിലെ പൗരന്മാരെ ജൈവ സാക്ഷരർ ആക്കി മാറ്റാനുള്ള പൊതു ബോധന യജ്ഞത്തിന് ഓഗസ്റ്റ് 29ന് തുടക്കമാകും. മഹാത്മാഗാന്ധി സർവ്വകലാശാല സ്പോർട്സ് ഗ്രൗണ്ടിൽ രാവിലെ 10.00 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ സാക്ഷരതാ യജ്ഞം ഉദ്ഘാടനം ചെയ്യുമെന്ന് വൈസ് ചാൻസലർ ഡോ.ബാബു സെബാസ്റ്റ്യൻ ഇന്ന് നടന്ന പത്രസമ്മേളനത്തിൽ അറിയിച്ചു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥും മറ്റു പ്രമുഖരും പങ്കെടുക്കും. ഇതിന് മുന്നോടിയായി ആഗസ്റ്റ് 24 മുതൽ സർവ്വകലാശാല സ്പോർട്സ് ഗ്രൗണ്ടിൽ അഞ്ച് ദിവസത്തെ കാർഷിക മേളയും സംഘടിപ്പിക്കും. കാർഷികോത്പന്നങ്ങളുടേയും സാങ്കേതിക സംവിധാനങ്ങളുടേയും പ്രദർശനവും കലാപ്രകടനങ്ങളും ഉണ്ടാകും.

പൊതു ജനങ്ങളെ ജൈവ കൃഷി മാർഗത്തിലേക്കും ജൈവാധിഷ്ഠിത ജിവനത്തിലേക്കും നയിക്കാനായി മഹാത്മാഗാന്ധി സർവകലാശാല രൂപം നല്കിയ ബൃഹത് ബോധന പദ്ധതിയായ ജൈവം 2017 ന്റെ പ്രചരണാർത്ഥം പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി പ്രസ്സ് ക്ലബ്ബിൽ നടന്ന ചർച്ചകളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. അദ്ദേഹം. കോട്ടയത്തെ സമ്പൂർണ്ണ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുകയാണ് പ്രധാന പദ്ധതി ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെയും സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നുള്ള ധനസഹായത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുക.

കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും, ജൈവ കൃഷിരീതികളിൽ പരിശീലനം സിദ്ധിച്ച 10,000 ത്തിൽപരം നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ നേരിട്ടുചെന്ന് ജൈവ കൃഷി രീതികൾ പരിചയപ്പെടുത്തും. ഇതു സംബന്ധിച്ച സമഗ്ര കൈപ്പുസ്തകം കൈമാറു കയും വിവരശേഖരണം നടത്തുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ച ''സുരക്ഷിത പച്ചക്കറികൃഷിക്കൊരു മാർഗ്ഗരേഖ'' എന്ന കൈപ്പുസ്തകത്തിന്റെ ഉള്ളടക്കമാണ് ഈ സാക്ഷരതായജ്ഞത്തിന്റെ അടിസ്ഥാന ബോധന രേഖയായി അവലംബിക്കുക.

സർവകലാശാലയുടെ കീഴിലുള്ള കോളേജ് പ്രിൻസിപ്പൽമാർ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, സർക്കാർ, സ്വകാര്യ, സാമൂഹ്യ, സാംസ്കാരിക, മേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്കായി ജൈവ കൃഷിരീതികൾ പരിചയപ്പെടുത്തുന്ന പ്രത്യേക പരിശീലന കളരികൾ സംഘടിപ്പിക്കും.

പദ്ധതി നിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു കഴിഞ്ഞു. ഗൃഹ സന്ദർശനം നടത്തുന്ന വേളയിൽ ഓരോ വിദ്യാർത്ഥി സംഘത്തിന്റേയും പക്കലുള്ള ആൻഡ്രോയിഡ് ഫോണിലൂടെ ഗൃഹ സന്ദർശനത്തിന്റേയും സർവ്വേയുടേയും വിവരങ്ങൾ തൽസമയം സർവകലാശാലയിലും സർക്കാരിലും ലഭിക്കത്തക്ക സാങ്കേതിക ക്രമികരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ വേളയിലുടനീളം ഒരു സ്വതന്ത്ര സമിതിയുടെ സോഷ്യൽ ഓഡിറ്റ് സംവിധാനവും ഏർപ്പെടുത്തും.

ജൈവ കൃഷി രീതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ തൽസമയം ദൂരീകരിക്കാനായി ഹെൽപ്ലൈൻ സംവിധാനവും ഏർപ്പെടുത്തും. പദ്ധതി പൂർത്തീകരണ വേളയിൽ സമഗ്ര പഠന റിപ്പോർട്ടും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും പ്രസിദ്ധീകരിക്കും.

കോട്ടയം ജിലയിലെ 71 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലുമുള്ള 19,74,000 പൗരന്മാരെ ബോധവൽക്കരിക്കുകയാണ് ലക്ഷ്യം.

സർവ്വകലാശാല രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് എസ്.മനോജ്, സെക്രട്ടറി ഷാലു മാത്യു, ജൈവം പ്രോഗ്രാം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ, പി. ആർ. ഒ വേണുഗോപാലൻ കർത്ത, തുടങ്ങിയവർ പങ്കെടുത്തു.

**ജൈവം 2017 ന്റെ പ്രസക്തി**

ജിവന്റെ നിലനില്പിന്റെ അടിസ്ഥാനം മണ്ണാണ്. എല്ലാ ജീവജാലങ്ങളും ജീവ സന്ധാരണത്തിന് ആശ്രയിക്കുന്നത് മണ്ണിനെയാണ്. ഊർജ്ജദായക ഭക്ഷണം ഉല്പാദിപ്പിക്കുന്നത് ഹരിതസസ്യമാണ്. മണ്ണിലെ പോഷക മൂല്യങ്ങളാണ് കായ്കളിലും ധാന്യങ്ങളിലും ഉണ്ടാവുക. മണ്ണിന്റെ താഴെത്തട്ടിലുള്ള മൂലകങ്ങളെ മേൽമണ്ണിലേക്ക് ഉയർത്തികൊണ്ടു വന്ന് പോഷക മൂലക സംയുക്തങ്ങളെ വിഘടിപ്പിച്ച് ചെടികൾക്ക് ആഗിരണം ചെയ്യാൻ പറ്റിയ അവസ്ഥയിലേക്ക് മാറ്റുന്നതിൽ മണ്ണിരകളും മറ്റ് സൂക്ഷ്മജീവികളും വഹിക്കുന്ന പങ്ക് വലുതാണ്. എന്നാൽ അമിത രാസവള പ്രയോഗത്താലും കീട, കുമിൾ, കള നാശിനികളുടെ ഉപയോഗത്താലും സൂക്ഷ്മ ജീവികൾ നശിക്കുകയും ജൈവ കാർബൺ സാന്നിദ്ധ്യം ഇല്ലാതാകുകയും ജൈവ പുന:ചംക്രമണ പ്രക്രിയ തടസ്സപ്പെടുകയും ചെയ്തു. പച്ചക്കറികളിലും പഴവർഗങ്ങളിലും ധാന്യങ്ങളിലും വിഷാംശത്തിന്റെ സാന്നിദ്ധ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഫലമൂലാദികളുടെ തനത് സ്വാദ് ഇല്ലതായി. ജലസ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടേയും ജീവജാലങ്ങളുടേയും രോഗപ്രതിരോധ ശക്തി മറയുകയും ആരോഗ്യാവസ്ഥ ക്ഷയിക്കുകയും ചെയ്യുന്നു. ഊർജ്ജിത കൃഷി രീതികൾ മണ്ണിന്റെ ജൈവ കലവറയെ നശിപ്പിച്ചു.

വർദ്ധിച്ചു വരുന്ന രോഗാതുരതയും മാനസിക പിരിമുറുക്കവും കാലാവസ്ഥാവ്യതിയാനവും ഒരു പരിധിവരെ ഭൂമി, ഭക്ഷണം, ജലം, വായു, എന്നിവയുടെ മലിനീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അജൈവ വസ്തുക്കളുടെ വിന്യാസം പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മറിച്ചതിനാലാണിത്. മാനവരാശിയുടെ മാത്രമല്ല സർവ്വചരാചരങ്ങളുടേയും അസ്ഥിത്വമുറപ്പാക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്.

വ്യക്തികളുടെയും കുടുംബത്തിന്റേയും ശ്രദ്ധാപൂർവ്വമായ ഇടപെടലിലൂടെ മാത്രമേ ഈ ദുരവസ്ഥക്കു മാറ്റം വരുത്താനാവൂ എന്ന തിരിച്ചറിവിലൂടെയാണ് ജൈവം 2017 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഗൃഹ

മാലിന്യങ്ങളെ ജൈവ വളമാക്കി മാറ്റുകയും, ഭക്ഷണ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും, വിഷരഹിത പച്ചക്കറികളും കായ്കനികളും ലളിതമായി ഏവർക്കും ഉണ്ടാക്കാമെന്ന അവബോധം വളർത്തുകയും ആണ് ജൈവത്തിന്റെ ലക്ഷ്യം.

ജൈവ സാക്ഷരത ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന ഉത്തമ ബോദ്ധ്യത്താൽ മഹാത്മാഗാന്ധി സർവകലാശാല അതിന്റെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിനായി രൂപം നല്കിയ വിപ്ലവകരമായ പദ്ധതിയാണ് ജൈവം 2017. കോട്ടയം ജില്ലയിലെ പൗരന്മാരെ ഭക്ഷണത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചും, കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും, കുടുംബാധിഷ്ഠിത സ്വയം പര്യാപ്തതയെക്കുറിച്ചും ബോധവൽക്കരിക്കുകയും ജൈവാധിഷ്ഠിത സംസ്കാരത്തിലേക്ക് നയിക്കുകയുമാണ് ലക്ഷ്യം. രാസ കൃഷിയുടെ ദോഷവശങ്ങൾ വിശദീകരിക്കുകയും ജൈവ കൃഷിരീതിയുടെ മാർഗ്ഗരേഖ കൈമാറുകയും ചെയ്യും.

**ജൈവ സന്ദേശങ്ങൾ**

1. ഹരിതസസ്യങ്ങളാണ് ഊർജ്ജദായക ഭക്ഷണം ഉല്പാദിപ്പിക്കുന്നത്.
2. വിഷരഹിത ധാന്യങ്ങളും, പച്ചക്കറികളും , പഴവർഗ്ഗങ്ങളും , നമുക്കുണ്ടാക്കാം
3. ഭക്ഷണ കാര്യത്തിൽ ഗൃഹാധിഷ്ഠിത സ്വയം പര്യാപ്തത കൈവരിക്കുക.
4. ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുക.
5. ജൈവാവശിഷ്ടങ്ങൾ തീയിടരുത്, സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്താൽ അവ മണ്ണിലലിയണം.
6. രാസവളവും കീടനാശിനികളും ഉപേക്ഷിക്കുക, ജൈവാധിഷ്ഠിത കീടനാശിനികളിലേക്ക് മാറുക.
7. മണ്ണിന് പുതയിടുക, ഈർപ്പം നിലനിർത്തുക.
8. ഭൂമിയെ അമിതമായി ചൂഷണം ചെയ്യരുത്, മണ്ണിളക്കുന്നത് കരുതലോടെ മാത്രം.
9. മിശ്രവിള കൃഷി പ്രോത്സാഹിപ്പിക്കുക.
10. ഭൂമിയെ ജൈവ സമ്പുഷ്ടമാക്കുക.
11. പാഴ്മരങ്ങൾ ജൈവ സംരക്ഷകർ; കളകൾ മണ്ണിന്റെ മിത്രങ്ങൾ.
12. പച്ചപ്പടർപ്പുകൾ നിലനിർത്തുക.
13. മണ്ണിന്റെ അമ്ല - ക്ഷാര നില സമീകൃതമായി നിലനിർത്തുക. (pH 7/ Neutral)
14. ജല സ്രോതസ്സുകൾ മലിനീകരിക്കാതിരിക്കുക.
15. നവ കൃഷിസംസ്കൃതി രൂപപ്പെടുത്തുക.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ജൈവസാക്ഷരതാ യജ്ഞം - ജൈവം 2017 - ന്റെ ലോഗോ പ്രകാശനം കോട്ടയം പ്രസ്സ് ക്ലബ്ബിൽ വച്ച് വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു. രജിസ്ട്രാർ എം. ആർ. ഉണ്ണി, പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് എസ്.മനോജ്, സെക്രട്ടറി ഷാലു മാത്യൂ, ജൈവം പ്രോഗ്രാം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ, പി. ആർ. ഒ വേണുഗോപാലൻ കർത്ത എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**